സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ശബരി എസ്റ്റേറ്റ്, നിലയ്ക്കൽ

## ഒട്ടുപാൽ ലേലം

# വിശദ പരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള നിലയ്ക്കൽ ശബരി എസ്റ്റേറ്റിലെ റബ്ബർ മരങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള 9104 കിലോഗ്രാം തൂക്കം വരുന്ന ഒട്ടുപാൽ നിലയ്ക്കൽ എസ്റ്റേറ്റ് സ്റ്റോറിൽ സൂക്ഷിച്ചിട്ടുള്ളത് ഇപ്പോഴത്തെ അവസ്ഥയിൽ05/05/2022 പകൽ 11 മണിക്ക് ലേലം ചെയ്തു വിൽക്കുന്നതാണ്. ഇതിലേക്ക് ലൈസൻസുള്ളതും, മതിപ്പും, ഖ്യാതിയും ഉള്ളതുമായ സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്ന് മുദ്രവച്ച ക്വട്ടേഷനുകളും ക്ഷണിച്ചുകൊള്ളുന്നു. കിലോഗ്രാം അടിസ്ഥാനത്തിൽ റേറ്റ് രേഖപ്പെടുത്തി ഏതെങ്കിലും ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല ദേവസ്വം എന്ന പേരിലുള്ള ₹50,000/- (അൻപതിനായിരം രൂപ) യുടെ ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ഹാജരാക്കേണ്ടതാണ്. ക്വട്ടേഷനുകൾ 05/05/2022 പകൽ 10.00 മണിവരെ നിലയ്ക്കൽ ദേവസ്വം ആഫീസിൽ സ്വീകരിക്കുന്നതും, അന്ന് പകൽ 11.00 മണിക്ക് ലേലത്തിന് ശേഷം സ്ഥലത്തുള്ളവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷൻ തുറക്കുന്നതുമാണ്. ലേല തുകയോ, ക്വട്ടേഷൻ തുകയോ ഏതാണ് കൂടുതൽ എന്ന് പരിശോധിച്ച് കൂടുതൽ തുകയ്ക്ക് ലേലം / ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതാണ്. ഒട്ടുപാലിന്റെ വിലയ്ക്ക് നിലവിലുള്ള ടാക്സ്, സെസ്സ് എന്നിവ കുത്തകക്കാരൻ തന്നെ അടയ്ക്കേണ്ടതാണ്. ഡിപ്പാർട്ട്മെന്റിൽ നിലവിലുള്ള ചട്ടങ്ങൾ ഈ ലേല/ക്വട്ടേഷൻ ലഭിക്കുന്ന ആൾ വിവരം തെര്യപ്പെടുത്തുന്ന മുറയ്ക്ക് തുക ഒന്നായി അടച്ച ശേഷം സ്വന്തം ചെലവിൽ ആളെ വെച്ച് സാധനം തൂക്കി ബോദ്ധ്യപ്പെട്ട് സ്ഥലത്തുനിന്നും അപ്പോൾതന്നെ മാറ്റേണ്ടതും, വീഴ്ചവരുത്തുന്ന പക്ഷം നിരദ്രവ്യ തുക മുതൽ കൂട്ടുന്നതും, ലേലം / ക്വട്ടേഷൻ ക്യാൻസൽ ചെയ്ത് ആവർത്തന ലേലം / ക്വട്ടേഷൻ നടത്തി നടപടി സ്വീകരിക്കുന്നതുമായിരിക്കും. ആവശ്യമുള്ളപക്ഷം നിലയ്ക്കൽ ദേവസ്വം ആഫീസുമായി ബന്ധപ്പെട്ട് ഒട്ടുപാൽ പരിശോധിക്കാവുന്നതാണ്. ലേലം / ക്വട്ടേഷൻ സംബന്ധിച്ച് എല്ലാ അന്തിമ തീരുമാനവും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും.

ഫോൺ : 9496024185

ശബരിമല

എക്സിക്യൂട്ടീവ് ഓഫീസർ
ശബരിമല ദേവസ്വം
തിരുവിതാംകൂർ ദേവസ്വം ബോർഡ്

ചില സാങ്കേതിക കാരണങ്ങളാൽ 28/04/2022 -ൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന ഒട്ടുപാൽ ലേലം ദേവസ്വം കമ്മീഷണർ ആഫീസിലെ 23/04/2022 ലെ ആർ.ഒ.സി 1120/20/ശബ നമ്പർ ഉത്തരവ് അനുസരിച്ച് 05/05/2022 ൽ നടത്തുന്നതിന് തീയതി നിശ്ചയിച്ചിട്ടുള്ളതാകുന്നു.

വിശ്വസ്തതയോടെ
ഉത്തരവിൻ പ്രകാരം
എക്സിക്യൂട്ടീവ് ഓഫീസർക്ക് വേണ്ടി
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഓഫീസർ